പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4580** **28. 06. 2013-** ലെ മറുപടി

<u>സ്വപ്നസാഫല്യം പദ്ധതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. സി. ദിവാകരൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| സ്വപ്നസാഫല്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കുമോ? | സൗദി അറേബ്യയിലെ ജയിലുകളിൽ നിന്ന് മോചിതരായവർക്കും പാസ്പോർട്ടും മറ്റ് രേഖകളും നഷ്ടപ്പെട്ട പ്രവാസികൾക്കും സ്വന്തം നാട്ടിലേക്ക് മടങ്ങുന്നതിനായി സൗ ജന്യടിക്കറ്റ് നൽകുന്ന 'സ്വപ്നസാഫല്യം' എന്ന പദ്ധതി നോർക്ക - റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഗൾഫിലെ ഐ. റ്റി. എൽ. ഗ്രൂപ്പ് എന്ന കമ്പനിയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കിയത്. ഇതിന്റെ ഔദ്യോഗികമായ ഉദ്ഘാടനം 2012 ഫെബ്രുവരി 8 -ാം തീയതി ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. 93 നിരാലംബർക്ക് സൗ ജന്യടിക്കറ്റ് ഇതിനകം നൽകികഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി എല്ലാ ഗൾഫ് രാജ്യങ്ങളിലും 2013 - ൽ നടപ്പാക്കുമെന്ന ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിക്കൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ നടപ്പു സാമ്പത്തിക വർഷം പദ്ധതി വിഹിതമായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ